"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- വാതിൽപ്പടി സേവന പദ്ധതി- അധിക മാർഗ്ഗനിർദ്ദേശങ്ങൾ- പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1607/2021/ത.സ്വ.ഭ.വ  തീയതി,തിരുവനന്തപുരം, 24/08/2021

---

പരാമർശം:- 1. 31/05/2021 ലെ സ.ഉ.(സാധാ).നം.1066/2021/തസ്വഭവ നം സർക്കാർ ഉത്തരവ്

**ഉത്തരവ്**

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻ രക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവന പദ്ധതിയുടെ നിർവ്വഹണത്തിനാവശ്യമായ മാർഗ്ഗരേഖയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നിർവ്വഹണ മേൽനോട്ട ചുമതലകൾ സുഗമമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിലേക്ക് അനുബന്ധമായി ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമവികസന കമ്മീഷണർ

സംസ്ഥാന പോലീസ് മേധാവി

ആരോഗ്യ വകുപ്പ് ഡയറക്ടർ

ജില്ലാ കളക്ടർമാർ

ഡയറക്ടർ, സാമൂഹികസന്നദ്ധസേന

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

ഡയറക്ടർ, അക്ഷയ

സി.ഇ.ഒ ലൈഫ് മിഷൻ

NCD സംസ്ഥാന പ്രോജക്ട് ഓഫീസർ

സംസ്ഥാനതല ഓഫീസർ , നാഷണൽ ഹെൽത്ത് മിഷൻ

ഡയറക്ടർ, സാമൂഹ്യ സുരക്ഷാമിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, എസ്.സി./എസ്.റ്റി വികസനവകുപ്പ്

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഡയറക്ടർ ജനറൽ,കില

മെമ്പർ സെക്രട്ടറി, യുവജനക്ഷേമ ബോർഡ്

സാമൂഹിക നീതി വകുപ്പ്

വിവരസാങ്കേതിക വിദ്യാ വകുപ്പ്

ആരോഗ്യ വകുപ്പ്

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

വെബ് & ന്യൂമീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അധിക മാർഗ്ഗരേഖ

വാതിൽപ്പടി സേവനം പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31/05/2021 ലെ സഉ(സാധ)നം.1066/2021/തസ്വഭവ ഉത്തരവ് പ്രകാരം അംഗീകരിച്ചിരുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന അധിക മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നു.

**1. സംസ്ഥാനതല കോർഡിനേറ്റർ**

പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ഏകോപനത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല കോർഡിനേറ്ററായി (State level Co-ordinator) / നോഡൽ ഓഫീസറായി ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

**2. ഡിവിഷൻ / വാർഡ് തലത്തിൽ കമ്മിറ്റി**

വാതിൽപ്പടി സേവനം പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അവരുടെ ആവശ്യങ്ങൾക്കായി ബന്ധപ്പെടുവാനും വാർഡ് തലത്തിലുള്ള പദ്ധതി നടത്തിപ്പ് സുഗമമാക്കുവാനുമായി വാർഡ് തലത്തിലുള്ള പ്രവർത്തനങ്ങളുടെ ഏകോപന ചുമതലയുള്ള ഒരു ഡിവിഷൻ/വാർഡ് തല സമിതിക്ക് രൂപം നൽകാവുന്നതാണ്. കമ്മിറ്റി അംഗങ്ങളുടെ പേര്, ഫോൺ നമ്പർ എന്നിവ ഓരോ ഗുണഭോക്താവിനും ലഭ്യമാക്കേണ്ടതാണ്. പദ്ധതിയുടെ ഭാഗമായി സേവനങ്ങളുടെ ഗുണഭോക്താക്കൾക്കും ജനങ്ങൾക്കും ബന്ധപ്പെടുവാനുള്ള Point of Contact ആയി വാർഡ് തലത്തിലുള്ള ആശാവർക്കറെ നിയോഗിക്കാവുന്നതാണ്.

നിർദ്ദേശിക്കുന്ന ഘടന

1. കൗൺസിലർ/വാർഡ് മെമ്പർ- അദ്ധ്യക്ഷൻ

2. ആശാവർക്കർ

3. സാമൂഹിക സന്നദ്ധസേനാ പ്രവർത്തകർ

4. കുടുംബശ്രീ പ്രവർത്തകർ

5.സാന്ത്വന പരിചരണ പ്രവർത്തകർ

6. ആർ ആർ റ്റി പ്രതിനിധികൾ

7. സാക്ഷരതാ പ്രേരക് -മാർ

8. ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകളുടെ ലൈബ്രേറിയന്മാർ

9. എസ് സി/ എസ് ടി പ്രൊമോട്ടർമാർ

10. സഹകരണസംഘം പ്രതിനിധികൾ

11. നെഹ്റു യുവ കേന്ദ്ര /യുവജനക്ഷേമ ബോർഡ് രജിസ്ട്രേഷനുള്ള യൂത്ത് ക്ലബ്ബ് പ്രതിനിധികൾ

**3. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കമ്മിറ്റി**

വാതിൽപ്പടി സേവന പദ്ധതിയുടെ അംഗീകരിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഒരു സമിതിക്ക് രൂപം നൽകുവാൻ നിർദ്ദേശം നൽകിയിരുന്നു. സമിതിയിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടും ചുമതലകൾ നിശ്ചയിച്ചും സമിതിയുടെ ഘടന സംബന്ധിച്ച് താഴെപ്പറയുന്ന വ്യക്തത വരുത്തുന്നു.

1. മേയർ/ചെയർപേഴ്സൺ/പഞ്ചായത്ത് പ്രസിഡന്റ്/സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവരിലൊരാളെ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യക്ഷനായി തീരുമാനിക്കാവുന്നതാണ് .

2.ആരോഗ്യകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷൻ -ഉപാദ്ധ്യക്ഷൻ

3. സെക്രട്ടറി - കൺവീനർ

4. മെഡിക്കൽ ഓഫീസർ / ഹെൽത്ത് ഇൻസ്പെക്ടർ / ഹെൽത്ത് സൂപ്പർ വൈസർ

5. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ

6. ICDS സൂപ്പർ വൈസർ

7. വയോമിത്രം പദ്ധതി കോ-ഓർഡിനേറ്റർ

8. പാലിയേറ്റീവ് രംഗത്ത് പ്രവർത്തിക്കുന്നവർ

9. പെൻഷൻ സംഘടനാ പ്രതിനിധി

10. SC/ST പ്രൊമോട്ടർ

11. Sociology/Social work/Management എന്നീ മേഖലകളിലെ പ്രൊഫഷണലുകൾ

12. ഗ്രന്ഥശാല സംഘത്തിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളുടെ ഏകോപന സമിതി കൺവീനർ

13. യുവജനക്ഷേമ ബോർഡ് യൂത്ത് കോ ഓർഡിനേറ്റർ

14. കുടുംബശ്രീ - സി ഡിഎസ് ഭാരവാഹികൾ

15. ജനമൈത്രി പോലീസ് ചുമതലക്കാർ

(സമാനമായ സേവന പദ്ധതികളുടെ നിർവ്വഹണ / ഏകോപന / നിയന്ത്രണ ആവശ്യങ്ങൾക്കായി രൂപം നൽകിയിട്ടുള്ള സമിതികൾ നിലവിലുള്ള സ്ഥാപനങ്ങളിൽ വാതിൽപ്പടി സേവന പദ്ധതിയുടെ ആവശ്യത്തിനായി മറ്റൊരു സമിതിക്ക് കൂടി രൂപം നൽകേണ്ടതില്ല. ഈ ചുമതലകൾ കൂടി നിർവ്വഹിക്കാവുന്ന രീതിയിൽ നിലവിലെ സമിതിയെ ആവശ്യമായ ഭേദഗതികളോടെ നിലനിർത്താവുന്നതാണ് )

പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ആവശ്യമെങ്കിൽ അനുയോജ്യനായ ഏതൊരു സർക്കാർ ഉദ്യോഗസ്ഥനെയും കോർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതാണ്

**4. ജില്ലാതല, സംസ്ഥാനതല സമിതികൾ**

പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി ഏകോപന - മേൽനോട്ട ചുമതലകളോടെ ജില്ലാ - സംസ്ഥാന തല സമിതികൾക്കു കൂടി രൂപം നൽകാവുന്നതാണ്.

**ജില്ലാതല സമിതിയുടെ ഘടന**

1 ഡി.പി.സി ചെയർപേഴ്സൺ / കോ-ചെയർപേഴ്സൺ/ജില്ലാ കളക്ടർ-അദ്ധ്യക്ഷൻ

2 നഗരകാര്യ ജോയിന്റ് ഡയറക്ടർ അല്ലെങ്കിൽ പ്രതിനിധി

3 പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ-കൺവീനർ

4 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ

5 ജില്ലാതല NCD പ്രോജക്ട് ഓഫീസർ

6 അക്ഷയ-ജില്ലാതല ഉദ്യോഗസ്ഥൻ

7 സാമൂഹ്യ സുരക്ഷാ മിഷൻ-ജില്ലാതല ഉദ്യോഗസ്ഥൻ

8 സാമൂഹ്യ സന്നദ്ധ സേന - ജില്ലാതല ഉദ്യോഗസ്ഥൻ

9 പാലിയേറ്റീവ് കെയർ- ജില്ലാതല ഉദ്യോഗസ്ഥൻ

10 ലൈഫ് മിഷൻ – ജില്ലാ മിഷൻ കോർഡിനേറ്റർ

11 ജില്ലാ ആസൂത്രണ സമിതി - സർക്കാർ നോമിനി

12 ജില്ലാ പട്ടികജാതി വികസന ഓഫീസർ

13 ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസർ

14 ഗ്രാമപഞ്ചായത്ത് അസ്സോസ്സിയേഷൻ, ജില്ലാഭാരവാഹികൾ

15 നഗരസഭാ ചെയർമെൻ ചേംബർ നിർദ്ദേശിക്കുന്ന ഒരു നഗരസഭാ ചെയർമാൻ

16 ജനമൈത്രി പോലീസ് - ജില്ലാ ചുമതലക്കാർ

17 ജില്ലാ യൂത്ത് വെൽഫയർ ഓഫീസർ

18 നെഹ്റു യുവകേന്ദ്ര ജില്ലാ കോ ഓർഡിനേറ്റർ

<u>സംസ്ഥാനതല സമിതിയുടെ ഘടന</u>

1. സാമൂഹിക സന്നദ്ധസേനാ ഡയറക്ടർ - അദ്ധ്യക്ഷൻ

2. പദ്ധതിയുടെ സംസ്ഥാനതല കോർഡിനേറ്റർ - കൺവീനർ

3. പഞ്ചായത്ത് ഡയറക്ടർ

4 നഗരകാര്യ ഡയറക്ടർ

5 ഗ്രാമവികസന കമ്മീഷണർ

6 ഡയറക്ടർ, അക്ഷയ

7 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

8 NCD സംസ്ഥാന പ്രോജക്ട് ഓഫീസർ

9 സംസ്ഥാനതല ഓഫീസർ , നാഷണൽ ഹെൽത്ത് മിഷൻ

10 ഡയറക്ടർ, സമൂഹ്യ സുരക്ഷാമിഷൻ

11 ഡയറക്ടർ ജനറൽ,കില

12 ഡയറക്ടർ, പട്ടികജാതി/ പട്ടിക വർഗ്ഗ വികസന വകുപ്പ്

13 തദ്ദേശഭരണസ്ഥാപനങ്ങളുടെ അഞ്ച് അസ്സോസ്സിയേഷനുകളുടെയും പ്രതിനിധികൾ

14 യുവജനക്ഷേമ ബോർഡ് പ്രതിനിധി

15 ജനമൈത്രി പോലീസ് - സംസ്ഥാനതല ചുമതലക്കാർ